**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2009-2010 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 –ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം 1154 /15/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 17/04/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11-09-2014 ലെ M3.34474/14 നമ്പർ കത്ത്.

2)ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 21-02-2015 ലെ L.F 16659/PT2/2014 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം 17635/-രൂപ തടസ്സപ്പെടുത്തിയിരുന്നു.ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

G O(M.S) 183/2007/LSGD dt 24.07.2007 പ്രകാരമുള്ള സബ്സിഡി മാനദണ്ഡങ്ങൾക്ക് ഭേദഗതി വരുത്തി കൊണ്ട് പുറപ്പെടുവിച്ച 11-07-2008 ലെ GO (MS)199/2008/LSGD നമ്പർ ഉത്തരവു പ്രകാരം എല്ലാത്തരം വിത്തുകൾക്കും 100% സബ്സിഡി അനുവദിക്കാമെന്ന് പരാമർശിച്ചിട്ടുള്ളതിനാലും കൃഷി ഓഫീസറുടെ വിശദീകരണം , പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം , പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവ പരിഗണിച്ചും മേൽ ഖണ്ഡികയിലെ ചെലവിനു സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം2 പ്രകാരം ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം 17,635/-(പതിനേഴായിരത്തി അറുനൂറ്റി മുപ്പത്തി അഞ്ച് രൂപ മാത്രം)രൂപയുടെ ചെലവിനു സാധൂകരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സാലമ്മ എബ്രഹാം
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ,തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
സെക്രട്ടറി, നെന്മണിക്കര ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(സർക്കാർ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ